(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിലേക്ക് പി. എസ്. സി. പരീക്ഷയുടെ ആൻസർ സ്ക്രിപ്റ്റിന്റെ കോപ്പി നിശ്ചിത ഫീസ് ഈടാക്കി ബന്ധപ്പെട്ട ഉദ്യോഗാർത്ഥിക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ആയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പി. എസ്. സി. പരീക്ഷകൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ആൻസർ സ്ക്രിപ്റ്റിന്റെ പകർപ്പ് ഒരു നിശ്ചിത ഫീസ് ഈടാക്കിയതിനുശേഷം ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതിന് വേണ്ടി പി. എസ്. സി. നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പി. എസ്. സി. ലിസ്റ്റിൽ നിന്നും കെ. എ. പി. നിയമനം

100 [1643] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ. പി. ഒന്നാം ബറ്റാലിയനിൽ പി. എസ്. സി. വഴി എത്ര പോലീസ് കോൺസ്റ്റബിൾമാരെ നാളിതുവരെ നിയമിച്ചു എന്നു വെളിപ്പെടുത്തുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ ബാക്കി ഉള്ളവരെ കൂടി നിയമിക്കത്തക്ക രീതിയിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന് കാര്യം പരിഗണിക്കുമോ;

(സി) ഇല്ലെങ്കിൽ കാലാവധിക്കുള്ളിൽ തന്നെ ഒഴിവുള്ള മുഴുവൻ എണ്ണത്തിലും നിയമനം നടത്തത്തക്ക രീതിയിൽ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ തയ്യാറാകുമോ?

ഉത്തരം

(എ) കെ. എ. പി. ഒന്നാം ബറ്റാലിയനിൽ പി. എസ്. സി. വഴി 15-7-2002 മുതൽ 12-7-2005 വരെ 1038 പോലീസ് കോൺസ്റ്റബിൾമാരെ നിയമിച്ചിട്ടുണ്ട്.

(ബി) & (സി) കെ. എ. പി. ഒന്നാം ബറ്റാലിയനിൽ 12-7-2005 വരെ ഉണ്ടായിരുന്ന എല്ലാ ഒഴിവുകളും നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് നിയമനം നടത്തത്തക്ക തരത്തിൽ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly